## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1020 10.02.2016 ലെ മറുപടിയ്ക്ക്

## ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ

| ചോദ്യം<br>ശ്രീ.കെ.ശിവദാസൻ നായർ<br>ശ്രീ.സി.പി.മുഹമ്മദ്<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.കെ.എസ്.ശബരീനാഥൻ | | ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ, പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ മന്ത്രി | |
|---|---|---|---|
| എ) | സംസ്ഥാനത്ത് ഈ സീസണിലെ ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ നടത്തിയിട്ടുണ്ടോ ; | എ) | ഉണ്ട്. |
| ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ; | ബി) | കേരളത്തിനെ അന്തർദ്ദേശീയ തലത്തിൽ അറിയപ്പെടുന്ന ഒരു വ്യാപാരകേന്ദ്രമാക്കുക, ഓണം കഴിഞ്ഞാൽ മറ്റൊരു വ്യാപാരകാലം സൃഷ്ടിക്കുക, കേരളത്തിലെ ഉൽപന്നങ്ങൾക്ക് കൂടുതൽ വിപണി കണ്ടെത്തുക എന്നിവയാണ് ഫെസ്റ്റിവലിന്റെ പ്രഖ്യാപിത ലക്ഷ്യം. |
| സി) | ഇത് നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | സി) | ഫെസ്റ്റിവലിന്റെ നിർവാഹകസമിതിയും, ഉന്നതതല സമിതിയും കൂടി വേണ്ട നിർദ്ദേശങ്ങൾ ഫെസ്റ്റിവലിന്റെ ഡയറക്ടർക്ക് അതത് സമയത്ത് നൽകുന്നു. നേരത്തെ വിവിധ ഏജൻസികൾ ഏറ്റെടുത്തു നടത്തി വന്ന പ്രവർത്തനം ഓരോ സീസണിലും ക്രമാനുഗതമായി കുറയ്ക്കുകയും ഇവ ജി.കെ.എസ്.എഫ് നേരിട്ട് സംഘടിപ്പിക്കുകയുമാണ് ചെയ്യുന്നത്. ചെലവിനത്തിൽ ഏജൻസികൾക്ക് നൽകിയ കമ്മീഷൻ, സർവ്വീസ് ചാർജ്ജ് തുടങ്ങിയ ഇനങ്ങളിൽ മുൻസീസണുകളിൽ ചെലവഴിക്കപ്പെട്ട തുകയുടെ നല്ലൊരു ശതമാനം ലാഭിക്കാൻ ഇതു വഴി കഴിഞ്ഞു. സീസൺ 9-ൽ കൂപ്പൺ വിതരണം, കാൾ സെന്റർ തുടങ്ങിയവ ജി.കെ.എസ്.എഫ് നേരിട്ടാണ് നടത്തിയത്. അത്യാവശ്യ മേഖലകളിൽ മാത്രമാണ് പുറത്തുനിന്നുള്ള ഏജൻസികളുടെ സേവനം ലഭ്യമാക്കിയിട്ടുള്ളത്. ഇത്തരം പ്രവൃത്തികൾ വിനോദസഞ്ചാര വകുപ്പിന്റെ കീഴിൽ എം.പാനൽ ചെയ്തിരിക്കുന്ന ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ